'ഭരണഭാഷ -മാതൃഭാഷ'

File No: HEDN -L2/134/2021-HEDN

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - 2020-21 അധ്യയന വർഷം ലാറ്ററൽ എൻട്രി മുഖേന പോളിടെക്നിക്ക് കോളേജുകളിൽ രണ്ടാം വർഷ ഡിപ്ലോമ പ്രവേശനം നേടി മൂന്നാം സെമസ്റ്റർ പരീക്ഷ എഴുതുവാൻ പോകുന്ന പ്ലസ് ടു വിദ്യാർത്ഥികള കൂടി അധിക വിഷയങ്ങൾ പഠിക്കുന്നതിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ.(സാധാ )നം.854/2021 /ഉ.വി.വ** **തീയതി, തിരുവനന്തപുരം,29.06.2021**

പരാമർശം: 1. Go Rt No 569/2021/HEDN Dated 07.04.2021
2.സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 24/04/2021 തീയതിയിലെ C2/4306/20/DTE നമ്പർ കത്ത്

**ഉത്തരവ്**

2020-21 അധ്യയന വർഷം ലാറ്ററൽ എൻട്രി മുഖേന പോളിടെക്നിക്ക് കോളേജുകളിൽ രണ്ടാം വർഷ ഡിപ്ലോമ പ്രവേശനം നേടി മൂന്നാം സെമസ്റ്റർ പരീക്ഷ എഴുതുവാൻ പോകുന്ന ഐടി.ഐ, എൻ.സി.വി.ടി /എസ്.സി.വി.ടി,കെ.ജി.സി.എ കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികളെ അധിക വിഷയങ്ങൾ പഠിക്കുന്നതിൽ നിന്നും ഒഴിവാക്കി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ലാറ്ററൽ എൻട്രി മുഖേന രണ്ടാം വർഷം ഡിപ്ളോമ അഡ്മിഷൻ നേടിയ പ്ലസ് ടു വിദ്യാർത്ഥികളെ ടി ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നും ആയതിനാൽ 2020-21 അധ്യയന വർഷം ലാറ്ററൽ എൻട്രി മുഖേന രണ്ടാം വർഷ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളെ കടി ഉൾപ്പെടുത്തി പരാമർശം (1)ലെ സർക്കാർ ഉത്തരവ് ഭേദഗതിവരുത്തണമെന്നും അപേക്ഷിച്ചുകൊണ്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (2) ലെ കത്ത് പ്രകാരം പ്രോപ്പോസൽ സമർപ്പിച്ചിരുന്നു.

3, സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ലാറ്ററൽ എൻട്രി മുഖേന 2020-21 അധ്യയന വർഷം രണ്ടാം വർഷ ഡിപ്ളോമ അഡ്മിഷൻ നേടിയ പ്ലസ് ടു വിദ്യാർത്ഥികളെ കൂടി അധിക വിഷയങ്ങൾ പഠിക്കുന്നതിൽ നിന്നും ഒഴിവാക്കി പരാമർശം (1) സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ് .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീദേവി ഇ.എസ്**
**അണ്ടർ സെക്രട്ടറി**

സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ